"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - ഇട്ടിവ ഗ്രാമപഞ്ചായത്ത് - സീനിയർ ക്ലർക്ക് ശ്രീ.സജി വി-യുടെ പെൻഷൻ കോൺട്രിബ്യൂഷൻ തെറ്റായ ശീർഷകത്തിൽ അടവാക്കിയത് ക്രമപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2426/2024/LSGD തീയതി,തിരുവനന്തപുരം, 10-12-2024

---

പരാമർശം:- 1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.07.2024ലെ LSGD/PD/25249/2024-PENA6 നമ്പർ കത്ത്

**ഉത്തരവ്**

ഇട്ടിവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാരനായ സീനിയർ ക്ലർക്ക് ശ്രീ.സജി.വി-യുടെ 2023 ആഗസ്റ്റ് മാസം മുതൽ 2024 മെയ് മാസം വരെയുള്ള 10 മാസത്തെ പെൻഷൻ വിഹിതമായ 63,450/- രൂപ അർബൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള "799011400007305" എന്ന അക്കൗണ്ടിൽ ഒടുക്കുന്നതിനു പകരം തെറ്റായി പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്ന "0071-01-101-97 "എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കിയെന്നും പ്രസ്തുത തുക , അർബൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള "799011400007305" നമ്പർ അക്കൗണ്ടിലേക്ക് തന്നെ മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇട്ടിവ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരനായ ശ്രീ.സജി വി-യുടെ 2023 ആഗസ്റ്റ് മാസം മുതൽ 2024 മെയ് മാസം വരെയുള്ള 10 മാസത്തെ പെൻഷൻവിഹിതമായി "0071-01-101-97" എന്ന ഹെഡ് ഓഫ് അക്കൌണ്ടിൽ ഒടുക്കിയ തുക (63,450/- രൂപ) പ്രസ്തുത ശീർഷകത്തിൽ നിന്നു തന്നെ തിരികെ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ആയത് ട്രഷറി ആപ്ലിക്കേഷനിലെ 'റീ-ഫണ്ട് മാസ്റ്ററിൽ' ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ഭരണാനുമതി ഉത്തരവ് സഹിതം ട്രഷറിയിൽ സമർപ്പിക്കേണ്ടതും BiMS കൈകാര്യം ചെയ്യുന്ന ഒരു അനുയോജ്യ ഡി.ഡി.ഒ. യെ പ്രസ്തുത റീ-ഫണ്ട് നടപടികൾ സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3. സെക്രട്ടറി, ഇട്ടിവ  ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4. ശ്രീ.സജി വി  , സീനിയർ ക്ലർക്ക് , ഇട്ടിവ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ

6. ധനകാര്യ വകുപ്പ് (15.10.2024ലെ e-2855443/ധെവ-1/130/2024-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)

7. ഡയറക്ടർ, ഐ കെ എം

8. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9. കരുതൽ ഫയൽ (ഫയൽ നം.181/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 11-12-2024 16:17:16